**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **12-02-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് മുഖേന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ കെ-സ്മാർട്ട് മുഖേന നൽകുന്നതിന് എത്ര മൊഡ്യൂളുകൾ ആവശ്യമുണ്ട്; നിലവിൽ എത്ര മൊഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട്; കൗൺസിൽ അംഗങ്ങൾക്ക് ആശയവിനിമയം നടത്തുന്നതിന് കെ-സ്മാർട്ടിൽ പ്രത്യേക സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | **കൊച്ചി ഉൾപ്പെടെ എല്ലാ നഗരസഭകളിലും പൊതുജനങ്ങൾക്ക് പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും നൽകുന്നതിന് 8 മൊഡ്യൂളുകളാണ് ആവശ്യമായിട്ടുള്ളത്. ആയത് മുഴുവൻ കൊച്ചി ഉൾപ്പെടെ എല്ലാ നഗരസഭകളിലും പ്രവർത്തനക്ഷമമായിട്ടുണ്ട്. കെ-സ്മാർട്ടിൽ ഇ-ഫയൽ സംവിധാനം ഉപയോഗിച്ച് കൗൺസിൽ അംഗങ്ങൾക്ക് കത്തിടപാടുകൾ നടത്തുന്നതിന് സൗകര്യമുണ്ട്.** |
| (ബി) | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ കെ-സ്മാർട്ട് മുഖേന ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നും എത്രവീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. പെർമിറ്റ് 5, കെട്ടിട നമ്പർ 60 |
| (സി) | നഗരസഭയുടെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള എല്ലാം കെട്ടിടങ്ങളുടെയും ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതാണോ; ഇല്ലെങ്കിൽ ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ട്; കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിക്കാതെ ഇ-ഗവേണൻസ് പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഭാഗികമായി ഓഫ്‌ലൈൻ സംവിധാനം നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. ആകെയുള്ള 371061 കെട്ടിടങ്ങളിൽ 301285 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് നഗരസഭ ഡിജിറ്റൽ സൈൻ ചെയ്ത് കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്തിട്ടുണ്ട്. 2016 ൽ പൂർത്തിയാക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കി ഡിജിറ്റൽ സൈൻ ചെയ്യേണ്ട 69776 കെട്ടിടങ്ങൾ ഇനിയും ബാക്കിയുണ്ട്. 2024 മാർച്ച് 31നകം ഇത് പൂർത്തിയാക്കി കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവ് വരെ 69776 കെട്ടിടങ്ങളുടെ കാര്യത്തിൽ ഭാഗികമായി ഓഫ് ലൈൻ സംവിധാനവും നടപ്പിലാക്കി വരുന്നു. |
| (ഡി) | 2011 വരെയുള്ള ജനന മരണ രേഖകൾ കെ-സ്മാർട്ട് വഴി കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ; ടി.സി.എസ്സ്.-ൽ നിന്നുള്ള ഡാറ്റ പൂർണ്ണമായും കെ-സ്മാർട്ട്-ൽ അപ്‌ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ഡി) | 2011 വരെയുള്ള ജനന മരണ രേഖകൾ കെ-സ്മാർട്ട് വഴി കൃത്യമായി നൽകാൻ കഴിയുന്നുണ്ട്. ടി. സി. എസ്സിൽ നിന്നുള്ള ഡാറ്റ പൂർണ്ണമായും കെ-സ്മാർട്ടിൽ അപ്‌ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആയതിന് എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ; | | |
| (ഇ) | നഗരസഭയിലെ ജീവനക്കാർക്ക് കെ-സ്മാർട്ട്-ൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | നഗരസഭയിലെ മുഴുവൻ ജീവനക്കാർക്കും കെ-സ്മാർട്ടിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ